പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2720 **28-10-2026-ൽ മറുപടിയ്ക്ക്**

കുമ്പളങ്ങി പഞ്ചായത്തിലെ ആഞ്ഞിലിത്തറ – മണക്കുർ പ്രധാന സ്ലൂയിസ് നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) കൊച്ചി നിയോജകമണ്ഡലത്തിൽ കുമ്പളങ്ങി ഗ്രാമപഞ്ചായത്തിലെ ആഞ്ഞിലിത്തറ-മണക്കുർ പ്രധാന സ്ലൂയിസിന്റെ നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

മറുപടി: കുമ്പളങ്ങി പഞ്ചായത്തിലെ ആഞ്ഞിലിത്തറ-മണക്കുർ പ്രധാന സ്ലൂയിസിന്റെ നിർമ്മാണാർത്ഥം ആവശ്യമായ ഡിസൈൻ, ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസേർച്ച് ബോർഡ് (ഐ.ഡി.ആർ.ബി.) തയ്യാറാക്കി വരുന്നു. ഡിസൈൻ പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) കുമ്പളങ്ങി ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 12-ൽ ഉൾപ്പെടുന്ന ആഞ്ഞിലിത്തറ സ്ലൂയിസിന് സമീപമുള്ള പാർശ്വഭിത്തി സംരക്ഷണ പ്രവർത്തനങ്ങൾക്കും ആഞ്ഞിലിത്തറ-മണക്കുർ റോഡ് നിർമ്മാണത്തിനുമായി മൈനർ ഇറിഗേഷൻ വകുപ്പ് ₹2.5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ;

മറുപടി: ആഞ്ഞിലിത്തറ-മണക്കുർ പ്രധാന സ്ലൂയിസ് മുതൽ തെക്ക് ഭാഗത്തെ മണൽക്കുർ പാടശേഖരത്തിനും വടക്ക് ഭാഗത്തെ കുമ്പളങ്ങി കായലിനുമിടയിലൂടെ പടിഞ്ഞാറേയ്ക്ക് സെന്റ് ജോൺ പള്ളിവരെ നീളുന്ന 250 മീറ്റർ ഭാഗത്ത് പാർശ്വഭിത്തിയുടെയും റോഡിന്റെയും അനുബന്ധ നിർമ്മിതികളുടെയും നിർമ്മാണത്തിന് 2.65 കോടി രൂപയുടെ എസ്റ്റിമേറ്റ് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന് കീഴിൽ തയ്യാറാക്കി വരുന്നു. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) പ്രസ്തുത എസ്റ്റിമേറ്റിന്റെ തൽസ്ഥിതി എന്താണെന്നും പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിക്കുകയെന്നും വ്യക്തമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ